# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1573.

12-06-2019 ൽ മറുപടിയ്ക്ക്

## മാനുഹാജിയുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ നെൽകർഷകസംഘം കൺവീനർ മാനുഹാജിയുടെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളയം പഞ്ചായത്തിലെ നെൽകർഷകസംഘത്തിന്റെ അപേക്ഷയിന്മേൽ, പ്രസ്തുത പദ്ധതിയുടെ പ്രിലിമിനറി റിപ്പോർട്ടും എസ്റ്റിമേറ്റും കെ.എൽ.ഡി.സി.യിൽ തയ്യാറാക്കി വരുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | കൊട്ടുമുടി കുണ്ടുപാടത്തിന്റെ നടുവിൽക്കൂടി പോകുന്ന കുണ്ടുപാടം തോടിന്റെ സംരക്ഷണഭിത്തി തകർന്നതിനാൽ കറെ ഭാഗങ്ങളിൽ കൃഷിയിറക്കുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) & (സി) | കൊട്ടുമുടി പാടശേഖരത്തിന്റെ നടുവിൽകൂടി പോകുന്ന കുണ്ടുപാടം തോടിന്റെ സംരക്ഷണ ഭിത്തി ശ്രീ. മാനുഹാജിയുടെ സ്ഥലത്തോട് ചേർന്ന് ഏകദേശം 5 മീറ്റർ നീളത്തിൽ തകർന്നതിനാൽ 6 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷി ചെയ്യാൻ തടസ്സം നേരിടുന്നുണ്ട്. തോട് പുനരുദ്ധാരണത്തിനും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനും, 2019-20 മുണ്ടകൻ വിളയ്ക്ക് മുൻപ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കൃഷി വകുപ്പിൽ നിന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കും, വളാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്. തോടിനോട് ചേർന്നുകിടക്കുന്ന ശ്രീ. മാനുഹാജിയുടെ തരിശിട്ടിരിക്കുന്ന സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന കൃഷി ചെയ്യുന്നതിനു ശ്രീ മാനുഹാജി സമ്മതം നൽകിയിട്ടുള്ളതിനാൽ നടപ്പ വർഷത്തെ മുണ്ടകൻ സീസണിൽ കൃഷി ചെയ്യുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ